⇨ *കാർഷിക മേഖലയെക്കുറിച്ചുള്ള ഒരു ന്യൂസ് എഡിറ്ററുടെ ധാരണയാണത്* ⇨

# മാധ്യമങ്ങളറിയാത്ത ചില കാർഷിക വാർത്തകൾ

കൃഷിയല്ല, വ്യവസായമാണ് സാമ്പത്തിക വളർച്ച നേടിത്തരുന്നത് എന്ന ചിന്താപദ്ധതി പിന്തുടരുന്ന ന്യൂസ്റൂം ജേർണലിസ്റ്റുകൾ കാണാതെ പോകുന്ന ചിലവാർത്തകളെക്കുറിച്ച് ഭക്ഷ്യ-കാർഷിക-വാണിജ്യ വിദഗ്ധൻ

**ദേവീന്ദർ ശർമ്മ**

കേരളീയം ബിജു.എസ്. ബാലൻ അനുസ്മരണ 5-ാമത് പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ് വിതരണ പരിപാടിയിൽ നടത്തിയ പ്രഭാഷണം. വിഷയം: 'ഗ്രാമീണ ഇന്ത്യയോടുള്ള മാധ്യമ അവഗണന കർഷകാത്മഹത്യക്കും പട്ടിണിക്കും കാരണമാകുന്നുണ്ടോ?'

**ഗ്രാമീണ** ഇന്ത്യയോടുള്ള മാധ്യമ അവഗണനകളെക്കുറിച്ച് വിശദമാക്കുന്നതിന് മുന്നോടിയായി രണ്ട് സംഭവങ്ങൾ ഞാൻ നിങ്ങളുടെ മുന്നിലേക്ക് വയ്ക്കുകയാണ്. ഒന്ന് ഞാൻ മാധ്യമരംഗത്തേക്ക് എത്തുന്ന കാലത്തുണ്ടായതാണ്. 32 വർഷങ്ങൾക്ക് മുമ്പാണ് ഇന്ത്യൻ എക്സ്പ്രസിന്റെ ചണ്ഡീഗഡ് എഡിഷനിൽ ഞാൻ അഗ്രികൾച്ചറൽ കറസ്പോണ്ടന്റ് എന്ന തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നത്. കൃഷിശാസ്ത്രത്തിൽ ബിരുദവിദ്യാഭ്യാസം നേടിയ ഒരാൾ മാധ്യമരംഗത്തേക്ക് എത്തുന്നത് അന്ന് അപൂർവ്വ സംഭവമായിരുന്നു. എന്റെ അറിവിൽ അത്തരത്തിൽ മാധ്യമപ്രവർത്തനത്തിലേക്ക് എത്തുന്ന മൂന്നാമത്തെ ജേർണലിസ്റ്റ് ആയിരുന്നു ഞാൻ. 10 വർഷം മാത്രമാണ് ഞാൻ മാധ്യമരംഗത്ത് തുടർന്നത്. എന്നാൽ ആ കാലത്തിനിടയിൽ എനിക്ക് സ്വരൂപിക്കാൻ കഴിഞ്ഞ അനുഭവങ്ങൾ വളരെ വലുതാണ്. ചണ്ഡീഗഡിലെ ഓഫീസിൽ ജോലിയിൽ പ്രവേശിക്കാനായെത്തിയ എന്നെ സ്വാഗതം ചെയ്തുകൊണ്ട് ന്യൂസ് എഡിറ്റർ അദ്ദേഹത്തിന്റെ ക്യാബിനിൽ വച്ച് എനിക്ക് ഒരു കപ്പ് ചായ നൽകി. ഗോതമ്പിന്റെയും നെല്ലിന്റെയുമെല്ലാം വിളവെടുപ്പ് നടക്കുന്നത് വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രമാണ്. അപ്പോൾ മാത്രമെ താങ്കൾക്ക് കാര്യമായ ജോലിയുണ്ടാകൂ. അല്ലാത്ത സമയം താങ്കൾ എങ്ങനെ ചിലവഴിക്കുമെന്നാണ് ഞാൻ അദ്ഭുതപ്പെടുന്നത് എന്ന് ന്യൂസ് എഡിറ്റർ എന്നോട് പറഞ്ഞു. ശരിക്കും അതുകേട്ട് അദ്ഭുതപ്പെട്ടത് ഞാനാണ്. കാർഷിക മേഖലയെക്കുറിച്ചുള്ള ഒരു ന്യൂസ് എഡിറ്ററുടെ ധാരണയാണത്. അതും പഞ്ചാബ് പോലെ വിപുലമായ തോതിൽ കൃഷിയുള്ള ഒരു സംസ്ഥാനത്തെ എഡിഷൻ കൈകാര്യം ചെയ്യുന്ന ന്യൂസ് എഡിറ്ററുടെ ധാരണയാണ് ഞാൻ കേട്ടത്. ഇത് ഒറ്റപ്പെട്ട കാര്യമല്ല എന്ന് എനിക്ക് പിന്നീട് ബോധ്യമായി. കാർഷിക മേഖലയിൽ നിന്നും എന്താണ് വാർത്തകൾ എന്നതിനെക്കുറിച്ച് ഇന്ത്യൻ മാധ്യമങ്ങളുടെ ന്യൂസ് റൂമുകൾക്കൊന്നും വേണ്ടത്ര ധാരണ അന്നുണ്ടായിരുന്നില്ല. ഇന്നും സ്ഥിതിയിൽ വലിയ മാറ്റമില്ല.

ഇനി രണ്ടാമത്തെ സംഭവത്തിലേക്ക് വരാം. ഞാൻ മാധ്യമരംഗത്തോട് വിടപറഞ്ഞ ശേഷം നടക്കുന്ന സംഭവമാണത്. ഇന്ത്യൻ ബയോടെക്നോളജി വകുപ്പിന്റെ മുൻ സെക്രട്ടറി മഞ്ജു ശർമ്മ പാരീസിൽ വച്ച് ഒരു പ്രസ്താവന നടത്തി. ഇന്ത്യൻ ശാസ്

➪ *പ്രധാനമന്ത്രിക്ക് പോലും അക്കാര്യം അടുത്തിടെ പരസ്യമായി സമ്മതിക്കേണ്ടതായി വന്നിട്ടുണ്ട്* ➪



ത്രജ്ഞൻമാർ പുതിയ ജി.എം ഉരുളക്കിഴങ്ങ് വികസിപ്പിച്ചെടുത്തു എന്നും വളരെയധികം പോഷകഗുണമുള്ള ആ ഉരുളക്കിഴങ്ങാണ് നാളെ ഇന്ത്യയിലെ പോഷകാഹരക്കുറവിന്റെ പ്രശ്നം പരിഹരിക്കാൻ പോകുന്നതെന്നുമായിരുന്നു ആ പ്രസ്താവന. പ്രസ്താവന പുറത്ത് വന്ന ഉടൻ ലോകത്തെമ്പാടുമുള്ള മാധ്യമങ്ങൾ അതിനെക്കുറിച്ച് കൂടുതലറിയുന്നതിനായി എന്നെ ബന്ധപ്പെട്ടു. അപ്പോഴാണ് ഞാനും അത് ശ്രദ്ധിക്കുന്നത്. ആ ആകാംഷ വച്ച് ഞാൻ അടുത്ത ദിവസം ലോകത്തിലെ പ്രധാന പത്രങ്ങളെല്ലാം പരിശോധിച്ചു. ന്യൂയോർക്ക് ടൈംസും വാഷിംഗ്ടൺ പോസ്റ്റും പോലെയുള്ള പത്രങ്ങളിലെല്ലാം മഞ്ജു ശർമ്മയുടെ പ്രസ്താവന ഒന്നാം പേജിൽ തന്നെയുണ്ടായിരുന്നു. ഇന്ത്യ-പാകിസ്ഥാൻ യുദ്ധമുണ്ടായിരുന്ന കാലത്ത് പോലും ന്യൂയോർക്ക് ടൈംസിന്റെ 24-ാം പേജിലായിരുന്നു ആ വാർത്ത വന്നിരുന്നത്. പക്ഷെ ജനിതമാറ്റം വരുത്തിയ ഉരുളകിഴങ്ങിന്റെ വാർത്ത ഒന്നാം പേജിൽ വരുന്നു. ജി.എം വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന കോർപ്പറേറ്റ് പിണിയാളികളുടെ ശക്തിയും സ്വാധീനവുമാണ് അത് വ്യക്തമാക്കുന്നത്.

കാർഷിക മേഖലയിൽ നിന്നുള്ള വാർത്തകൾക്ക് മാധ്യമങ്ങളിൽ ഇടം കിട്ടുന്നില്ലെന്നും മാധ്യമപ്രവർത്തകർക്ക് ഈ മേഖലയെക്കുറിച്ച് ധാരണയില്ലെന്നും പറയുമ്പോഴും ജി.എം സാങ്കേതികവിദ്യയുടെ പ്രചാരകർക്ക് കാർഷിക മേഖലയിൽ നിന്നുള്ള ചില വാർത്തകളെ ഒന്നാം പേജിൽ പോലും എത്തിക്കാൻ കഴിയുന്നു. ഈ രണ്ട് സംഭവങ്ങളിലൂടെ വെളിപ്പെടുത്തുന്ന വീക്ഷണകോണിൽ നിന്നുകൊണ്ട് ഗ്രാമീണ ഇന്ത്യയോടുള്ള മാധ്യമ അവഗണന കർഷകാത്മഹത്യക്കും പട്ടിണിക്കും കാരണമാകുന്നുണ്ടോ എന്ന വിഷയത്തിൽ സംസാരിക്കുന്നതിനാണ് ഞാൻ ശ്രമിക്കുന്നത്.

അറുപത് ശതമാനം ജനങ്ങൾ കൃഷിയേയും കാർഷിക വൃത്തിയേയും നേരിട്ട് ആശ്രയിച്ച് കഴിയുന്ന ഒരു രാജ്യത്താണ് നമ്മൾ ജീവിക്കുന്നത്. നേരിട്ടല്ലാതെ 70–80 ശതമാനം ജനങ്ങൾക്ക് കാർഷിക മേഖലയാണ് ജീവിത സാഹചര്യമൊരുക്കുന്നത്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കർഷകരാണ് എന്നുതന്നെ പറയാം. എന്നിട്ടും അതീവഗുരുതരമായ കാർഷിക പ്രതിസന്ധിയിലൂടെ കടന്നുപോകേണ്ടി വരുന്ന രാജ്യമാണ് ഇന്ത്യ. പ്രധാനമന്ത്രിക്ക് പോലും അക്കാര്യം അടുത്തിടെ പരസ്യമായി സമ്മതിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ ഇന്ത്യൻ മാധ്യമങ്ങളിലൂടെ കടന്നുപോകുന്ന ഒരാൾക്ക് കാർഷിക മേഖലയും ഗ്രാമീണ ഇന്ത്യയും നേരിടുന്ന ആ പ്രതിസന്ധിയുടെ ചിത്രം എന്തുകൊണ്ട് ഒരിക്കലും കിട്ടുന്നില്ല എന്നത് നമ്മൾ ഏറെ ചർച്ച ചെയ്യേണ്ട വിഷയമാണ്. മാധ്യമങ്ങളിൽ മാത്രമല്ല, ഇന്ത്യയിലെ ഏത് കാർഷിക സർവ്വകലാശാലയിൽ പോയാലും അത്തരമൊരു പ്രതിസന്ധിയുള്ളതായി തോന്നാറില്ല. ഇന്ത്യയിലെ മുഖ്യധാരാ സമൂഹത്തിന്റെ സാമൂഹിക ഇടങ്ങളിൽ നിന്നും കൃഷിയെക്കുറിച്ചുള്ള ആശങ്കകൾ ഒഴിഞ്ഞുപോയിരിക്കുന്നു. അതോടെ, ആ സമൂഹത്തെ അഭിസംബോധന ചെയ്യുന്ന മാധ്യമങ്ങളും കാർഷിക രംഗത്തെ അവഗണിക്കാൻ തുടങ്ങി. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ അത്തരമൊരു ജാഗ്രത പൊതുസമൂഹത്തിനിടയിൽ നിലനിർത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തു.

1943ലെ ബംഗാൾ ക്ഷാമത്തിന് ശേഷമാണ് 1947ൽ ഇന്ത്യ സ്വതന്ത്ര രാജ്യമാകുന്നത്. ഭക്ഷണത്തിന്റെ കുറവുകൊണ്ടല്ല, ഭക്ഷണ ലഭ്യതയിലെ അപാകതകൊണ്ടാണ് ബംഗാൾ ക്ഷാമമുണ്ടായതെന്ന് നോബൽ സമ്മാന ജേതാവായ അമർത്യസെൻ ഉൾപ്പെടെയുള്ളവർ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മതിയായ ഭക്ഷ്യവസ്തുക്കൾ ലഭ്യമായിരുന്നിട്ടും ക്ഷാമമുണ്ടായി. അതുകൊണ്ടുതന്നെ സ്വാതന്ത്രലബ്ധിക്ക് ശേഷം കൃഷിയേയും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയേയും മെച്ചപ്പെടുത്തുന്ന നയ

ങ്ങൾക്ക് ഊന്നൽ നൽകാൻ പ്രഥമ സർക്കാർ തീരുമാനിച്ചു. അന്നം ഇറക്കുമതി ചെയ്ത് ഉപയോഗിക്കേണ്ടി വരുക എന്നത് രാജ്യത്തിന് അപമാനമാണെന്നും എന്ത് ക്ലേശങ്ങൾ സഹിക്കേണ്ടി വന്നാലും കൃഷിയുടെ കാര്യത്തിൽ വിമുഖത പാടില്ലെന്നും സ്വാതന്ത്ര്യ ഭാരതത്തെ അഭിസംബോധന ചെയ്തുകൊണ്ട് ജവാഹർലാൽ നെഹ്റു പറഞ്ഞു. എന്നാൽ ഏറെ വർഷങ്ങൾക്ക് ശേഷം ഭക്ഷ്യ ഇറക്കുമതി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന പി. ചിദംബരത്തെപ്പോലെയുള്ള ഭരണാധികാരികളാണ് ഇന്ന് നമുക്കുള്ളത്. നെഹ്റുവിന്റെ നയം ചിദംബരം മറിച്ചിട്ടിരിക്കുന്നു. എന്ത് ക്ലേശങ്ങൾ സഹിച്ചാലും ഭക്ഷ്യ ഇറക്കുമതി വർദ്ധിപ്പിക്കണമെന്നതാണ് ഇന്നത്തെ നയം. ജവഹർലാൽ നെഹ്റുവിന്റെ നയത്തിനെക്കുറിച്ചോ അതിന്റെ സന്ദർഭത്തെയോ സാംഗത്യത്തെയോ കുറിച്ചോ അറിവില്ലാത്തതിനാൽ ഇന്ത്യൻ മാധ്യമങ്ങൾ ഈ നിലപാടുമാറ്റത്തെക്കുറിച്ച് വേണ്ടത്ര ശ്രദ്ധാലുക്കളല്ല.

> അന്നം ഇറക്കുമതി ചെയ്ത് ഉപയോഗിക്കേണ്ടി വരുക എന്നത് രാജ്യത്തിന് അപമാനമാണെന്നും എന്ത് ക്ലേശങ്ങൾ സഹിക്കേണ്ടി വന്നാലും കൃഷിയുടെ കാര്യത്തിൽ വിമുഖത പാടില്ലെന്നും സ്വാതന്ത്ര്യ ഭാരതത്തെ അഭിസംബോധന ചെയ്തുകൊണ്ട് ജവാഹർലാൽ നെഹ്റു പറഞ്ഞു. എന്നാൽ ഏറെ വർഷങ്ങൾക്ക് ശേഷം, ഭക്ഷ്യ ഇറക്കുമതി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന ചിദംബരത്തെപ്പോലെയുള്ള ഭരണാധികാരികളാണ് ഇന്ന് നമുക്കുള്ളത്

1965ൽ ഇന്ത്യ-പാകിസ്ഥാൻ യുദ്ധം നടക്കുന്ന സമയത്തും ഇന്ത്യയിൽ വലിയ ഭക്ഷ്യക്ഷാമമുണ്ടായി. ആ വർഷം 10 മില്യൻ ടൺ ധാന്യം ഇന്ത്യ ഇറക്കുമതി ചെയ്തു. ചരിത്രത്തിലെ ഏറ്റവും വലിയ ഇറക്കുമതിയായിരുന്നു അത്. തുടർന്ന് ഇന്ദിരാഗാന്ധി അധികാരത്തിൽ വന്ന വർഷം അത് 11 മില്യൺ ടൺ ആയി വർദ്ധിച്ചു. അതിനെല്ലാം ശേഷമാണ് 1966ൽ ഹരിത വിപ്ലവം തുടങ്ങുന്നതും. സമൃദ്ധമായി വിളവ് തരുന്ന കുള്ളൻ ഗോതമ്പ് വിത്ത് മെക്സിക്കോയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിനുള്ള അനുമതി അന്ന് ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായിരുന്ന ഡോ. എം.എസ്. സ്വാമിനാഥൻ ഇന്ദിരാ ഗാന്ധിയിൽ നിന്നും നേടിയെടുത്തു. അനുമതി നൽകുമ്പോൾ ഒരു നിബന്ധന മാത്രമായിരുന്നു ഇന്ദിരാഗാന്ധിക്കുണ്ടായിരുന്നത്. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ വഴി കിട്ടുന്ന ലാഭത്തിന്റെ ഒരു പങ്ക് ഇന്ത്യയിലെ കർഷകർക്ക് രണ്ട് വർഷത്തിനുള്ളിൽ നൽകണമെന്നതായിരുന്നു അവരുടെ നിബന്ധന. എന്നാൽ മാത്രമെ അമേരിക്കയെ നിലയ്ക്ക് നിർത്താൻ കഴിയൂ എന്നും ഇന്ദിര പറഞ്ഞതായി എം.എസ്. സ്വാമിനാഥൻ പിന്നീട് വെളിപ്പെടുത്തിയിട്ടുണ്ട്. കൃഷി കൂടുതൽ കഠിനമാക്കിയാൽ ഉത്പാദന ശേഷി വർദ്ധിക്കുമെന്നും അതുവഴി വലിയ തോതിൽ സാമ്പത്തിക ലാഭമുണ്ടാകുമെന്നുമുള്ള ആ ചിന്തയായിരുന്നു ഹരിതവിപ്ലവത്തിന്റെ ആധാരം. അങ്ങനെ ചിന്തിച്ച കർഷകർക്കെല്ലാം പിന്നീട് എന്തുസംഭവിച്ചു എന്ന് നമ്മൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. ഹരിതവിപ്ലവത്തിന് ശേഷം ഇന്ന് എന്താണ് നമ്മുടെ കർഷകരുടെ അവസ്ഥ? 60 കോടിയോളം കർഷകർ ഇന്ത്യയിൽ നിന്ന് പട്ടിണിയിലും ദുരിതങ്ങളിലുമാണ്. സാമ്പത്തികമായും സാമൂഹികമായും അവർ പിന്നോക്കമാണ്.

കൃഷിശാസ്ത്രത്തിൽ വിദ്യഭ്യാസം ലഭിച്ച ഒരാളെന്ന നിലയിൽ പത്രപ്രവർത്തനത്തിലേക്ക് എത്തിയ കാലത്ത്, ഞങ്ങൾ പഠിച്ച ശാസ്ത്രീയ അറിവുകളെ കൃഷിയിടങ്ങളിലേക്ക് പകർത്താൻ കഴിഞ്ഞാൽ കൃഷി കൂടുതൽ വിജയകരമാകുമെന്നാണ് ഞാനും ചിന്തിച്ചിരുന്നത്. യൂണിവേഴ്സ്റ്റികൾ പഠിപ്പിക്കുന്നത് അതാണ്. ഇന്ത്യൻ എക്സ്പ്രസിലെ ജോലിയുടെ ഭാഗമായി കാർഷിക വാർത്തകൾ റിപ്പോർട്ട് ചെയ്യാൻ ഇന്ത്യയുടെ പല ഭാഗങ്ങളിലും സഞ്ചരിച്ചപ്പോൾ ഞാൻ യൂണിവേഴ്സിറ്റിയിൽ നിന്നും പഠിച്ചതൊന്നുമല്ല യാഥാർത്ഥ്യം എന്ന് തിരിച്ചറിയാൻ കഴിഞ്ഞു. എന്റെ എഡിറ്ററായിരുന്ന ബി.ജി. വർഗ്ഗീസിന്റെ നിർദ്ദേശ പ്രകാരമാണ് ഇന്ത്യയിലെ ഗ്രാമീണ കാർഷിക ഗ്രാമങ്ങളിലൂടെ അന്ന് സഞ്ചരിക്കാൻ കഴിഞ്ഞത്. മൂന്ന് മാസം കർഷകരെ നേരിൽ കണ്ട്, അവരുടെ അനുഭവങ്ങൾ കേട്ട് ഞാൻ യാത്ര ചെയ്തു. ഓരോ ഗ്രാമം പിന്നിടുമ്പോഴും ഞാൻ പഠിച്ച ശാസ്ത്രീയമായ കാർഷിക വിജ്ഞാനവും കൃഷി പ്രാവർത്തികമാക്കുന്ന കർഷക ജനതയും തമ്മിൽ ഒരു പൊരുത്തക്കേട് എനിക്ക് അനുഭവപ്പെടുന്നുണ്ടായിരുന്നു. കർഷകർക്ക് വേണ്ടതല്ല യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കുന്ന

⇨ *പാൽ ഉത്പാദനത്തിന്റെ അളവ് നോക്കിയാൽ ഈ ക്രോസ് ബ്രീഡിംഗ് കൊണ്ട് ഗുണമുണ്ടായില്ല എന്നുകാണാം* ⇨

തെന്നും കർഷർക്ക് വേണ്ടത് എവിടെയും പഠിപ്പിക്കുന്നില്ല എന്നും ബോധ്യമായി. കാർഷിക മാധ്യമപ്രവർത്തനം വിട്ട് പൂർണ്ണമായും കർഷകർക്ക് വേണ്ടി പ്രവർത്തിക്കാൻ ഞാൻ തീരുമാനിക്കുന്നത് ആ തിരിച്ചറിവിൽ നിന്നുകൊണ്ടാണ്.

കർഷകർക്ക് മാത്രമല്ല ഇന്ത്യയിൽ ഈ അവസ്ഥയുള്ളത്. നമ്മുടെ നാടൻ പശുക്കളുടെയും അവസ്ഥ കർഷകരുടേതിന് സമാനമാണ്. ഇന്ത്യയിൽ എവിടെ ചെന്നാലും നാടൻ പശുക്കൾ ആർക്കും വേണ്ടാതെ തെരുവിൽ അലഞ്ഞുതിരിയുന്നത് കാണാം. എന്തുകൊണ്ടാണ് നാടൻ പശുക്കളെ നമുക്ക് വേണ്ടാതായത്? എന്തുകൊണ്ടാണ് അവ ആദായകരമല്ലാതെയായി മാറിയത്? എം.എസ്. സന്ദാനയുടെ ഹിസ്റ്ററി ഓഫ് ഇന്ത്യൻ അഗ്രികൾച്ചർ എന്ന പുസ്തകത്തിൽ രാജക്കന്മാർക്ക് നാടൻ പശുക്കളോടുണ്ടായിരുന്ന സ്നേഹത്തെയും ബഹുമാനത്തെയും കുറിച്ച് വിവരിക്കുന്നുണ്ട്. എന്നാൽ ക്രോസ് ബ്രീഡിംഗ് നടത്തി നമ്മൾ എല്ലാ പരമ്പരാഗത ഇനങ്ങളെയും നശിപ്പിച്ചു. ഏറെ സവിശേഷതകളുണ്ടായിരുന്ന കേരളത്തിന്റെ സ്വന്തം വെച്ചൂർ പശുവിന്റെയും സ്ഥിതിയും അതുതന്നെയല്ലേ. ഇന്ത്യൻ ഇനങ്ങൾ വേണ്ടത്ര പാലുതരില്ലെന്ന് പ്രചരണം നടത്തി ജേഴ്സിയും സ്വിസ് ബ്രൗണും പോലെയുള്ള ഇനങ്ങളെ ഇവിടേക്ക് ഇറക്കുമതി ചെയ്തു. എന്നാൽ പാൽ ഉത്പാദനത്തിന്റെ അളവ് പരിശോധിച്ചാൽ ഈ ക്രോസ് ബ്രീഡിംഗ് കൊണ്ട് ഗുണമുണ്ടായില്ല എന്നാണ് കാണാൻ കഴിയുന്നത്. നമ്മുടെ കാലാവസ്ഥയുമായി ഇണങ്ങുന്ന ഇനങ്ങളെ ഉത്പാദനക്ഷമത കുറവാണ് എന്ന് പറഞ്ഞ് നമ്മൾ നഷ്ടപ്പെടുത്തി. എന്നാൽ അടുത്തിടെ ബ്രസീലിൽ പോയപ്പോൾ അറിയാൻ കഴിഞ്ഞത് അവിടെ ഇപ്പോൾ ഏറ്റവും കൂടുതൽ പാൽ തരുന്ന പശു ഇന്ത്യൻ ഇനമായ ഗുജറാത്ത് ഗീർ ആണെന്നാണ്. ഓംഗോൾ, സാഹിവാൾ തുടങ്ങിയ ഇനത്തിൽപ്പെട്ട ഇന്ത്യൻ പശുക്കൾക്കും ബ്രസീലിൽ ഇന്ന് വലിയ തോതിൽ വളർത്തപ്പെടുന്നുണ്ട്. നല്ല തോതിൽ പാൽ ഉത്പാദിപ്പിക്കുന്നതിനും ആ പശുക്കൾക്ക് കഴിയുന്നുണ്ട്. നാടൻ ഇനങ്ങളോടുള്ള നമ്മുടെ സമീപനം മാറേണ്ടതുണ്ട്. നാടൻ ഇനങ്ങൾക്കൊന്നും ഗുണമില്ലെന്നും പടിഞ്ഞാറ് നിന്നും ഇറക്കുമതി ചെയ്യുന്നതാണ് നല്ലതെന്നുമുള്ള ധാരണ നമുക്കിടയിൽ വ്യാപകമായിരിക്കുന്നു. കൃഷിയുടെ കാര്യത്തിലും അതാണ് സംഭവിക്കുന്നത്. പുറത്ത് നിന്നും വിത്തും വളവും ഇറക്കുമതി ചെയ്തിട്ടും കഴിഞ്ഞ 15 വർഷത്തിനിടയിൽ 3 ലക്ഷം കർഷകർ ഇന്ത്യയിൽ ആത്മഹത്യ ചെയ്തു എന്നാണ് കണക്കുകൾ പറയുന്നത്. കർഷകാത്മഹത്യകളെക്കുറിച്ച് പഠിക്കാൻ സർക്കാർ തന്നെ ഒരുപാട് കമ്മിറ്റികളെ നിയോഗിച്ചു. അവർ പഠനം നടത്തി. റിപ്പോർട്ടുകൾ സർക്കാറിൽ സമർപ്പിച്ചു. എന്നാൽ അതുകൊണ്ടൊന്നും ആസൂത്രണ കമ്മീഷന്റെ സമീപനത്തിൽ മാറ്റമുണ്ടായിട്ടില്ല. ഇന്ത്യൻ ഗ്രാമങ്ങളിലെ വിഭവങ്ങളെ എങ്ങനെ ചൂഷണം ചെയ്യാം എന്നാണ് അവർ ആലോചിച്ചുകൊണ്ടിരിക്കുന്നത്. കൂടുതൽ വിദ്യാഭ്യാസം നേടുംതോറും ഗ്രാമങ്ങളിലെ യാഥാർത്ഥ്യങ്ങളിൽ നിന്നും ആളുകൾ വിച്ഛേദിക്കപ്പെടുന്നതായാണ് ഞാൻ കാണുന്നത്. എന്തുകൊണ്ട് ഇത് സംഭവിക്കുന്നു എന്നതിനെക്കുറിച്ച് നമ്മൾ ഗൗരവമായി ചിന്തിക്കണം. വിദേശി ഇന്ത്യൻ സംരംഭകനും സ്വദേശി ഇന്ത്യൻ സംരംഭകനും ഗ്രാമങ്ങളെ കുറഞ്ഞകൂലിക്ക് തൊഴിലാളികളെ കിട്ടുന്ന ഒരിടം മാത്രമായാണ് ഇന്ന് കാണുന്നത്. ഇന്ത്യൻ ഗ്രാമങ്ങളിൽ കൃഷിക്ക് അനുയോജ്യമായ സാഹചര്യമില്ലെന്നും ഭക്ഷണം ഇറക്കുമതി ചെയ്യുന്നതാണ് നല്ലതെന്നും അവർ പ്രചരിപ്പിക്കുന്നു. നമ്മുടെ പാരിസ്ഥിതിക വ്യവസ്ഥയെക്കുറിച്ച് അറിയാതാതെയാണ് ഇത് പറയുന്നത്.

ഒരുദാഹരണം പറയാം. പഞ്ചാബിലെ കർഷകരെ സഹായിക്കാനെന്ന പേരിൽ പെപ്സി കോ സങ്കരയിനം ഉരുളക്കിഴങ്ങ് വിത്തുകൾ പരീക്ഷിക്കണം എന്ന ആവശ്യവുമായി 1980കളിൽ  രംഗത്ത് വന്നിരുന്നു. പഞ്ചാബിൽ നല്ല ഇനം ഉരുളക്കിഴങ്ങില്ലെന്നും കൈകാര്യം ചെയ്യാൻ എളുപ്പമുള്ള ഉരുളക്കിഴങ്ങാണ് തങ്ങൾ ഇറക്കുമതി ചെയ്യുന്നതെന്നുമാണ് പെപ്സി അന്ന് പറഞ്ഞിരുന്നത്. ഞാൻ പെപ്സിയുടെ ഡോക്യുമെന്റുകൾ പരിശോധിച്ച ശേഷം അവർ പറയുന്നതിലെ പൊള്ളത്തരങ്ങൾ ഉയർത്തിക്കാട്ടി ഇന്ത്യൻ എക്സ്പ്രസിൽ ഒരു വാർത്തയെഴുതി. ശാസ്ത്രലോകം അതോടെ എനിക്കെതിരെ തിരിഞ്ഞു. പെപ്സിയുടെ ലോബിയിംഗും അവരുടെ പ്രതിഷേധത്തിന് പിന്നിലുണ്ടായിരുന്നു. ആറ് ഇനം ഉരുളക്കിഴങ്ങുകളാണ് അന്ന് നമ്മൾ ഇറക്കുമതി ചെയ്തത്. ഷിംലയിലെ സെൻട്രൽ പൊട്ടറ്റോ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആ ഇനങ്ങൾ വിശദമായി പരിശോധിച്ചു. ഇന്ത്യൻ ഉരുളക്കിഴങ്ങിൽ നിന്നും യാതൊരു വ്യത്യാസം ആ ഇനങ്ങൾക്കുള്ളതായി കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ പെപ്സി കോ ആ കണ്ടെത്തൽ മറച്ചുവച്ചു. മി

തിൽ തുടർച്ചയായി പരാജയപ്പെടുന്നു. ജയ് കിസാൻ എന്നു പറഞ്ഞിരുന്ന ഇന്ത്യൻ രാഷ്ട്രീയക്കാർക്ക് കർഷകർ ഇന്ന് ഒരു ഭാരമായി മാറിയിരിക്കുന്നു. അവരെ എങ്ങനെ ഒഴിവാക്കാമെന്നും ആ ഭൂമി മറ്റാവശ്യങ്ങൾക്കായി എങ്ങനെ ഉപയോഗിക്കാമെന്നുമാണ് രാഷ്ട്രീയ പാർട്ടികളെല്ലാം ഇപ്പോൾ ആലോചിക്കുന്നത്. കർഷകാത്മഹത്യകളെക്കുറിച്ച് വളരെ സ്വാഭാവികമായി സംസാരിക്കുന്നവരായി കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ട് നമ്മൾ മാറി. മാധ്യമങ്ങൾക്കും അതിൽ വലിയ പങ്കുണ്ട്.

ആത്മഹത്യ ചെയ്ത കർഷകരെ നിങ്ങളറിയില്ലെങ്കിലും ജെസീക്കലാലിനെ നിങ്ങളറിയും. ജെസീക്ക ലാൽ എന്ന മോഡൽ കൊല്ലപ്പെട്ടതിനെ തുടർന്ന് മാസങ്ങളോളം ടൈംസ് ഓഫ് ഇന്ത്യ അതിന്റെ രണ്ട് പേജാണ് എല്ലാ ദിവസവും ജെസീക്കലാൽ കേസിനായി നീക്കിവച്ചത്. ദേശീയ പതാക താഴ്ത്തിക്കെട്ടേണ്ട ഒരു ദുരന്തം പോലെയാണ് ടൈംസ് ഓഫ് ഇന്ത്യ ആ കൊലപാതകത്തെ ചിത്രീകരിച്ചത്. എന്നാൽ കർഷകാത്മഹത്യാ വാർത്തകൾക്ക് അത്തരത്തിലുള്ള ഒരു ഫോളോ അപ് ലഭിക്കുന്നില്ല. കൃഷി അത്ര പ്രധാന്യമുള്ള വിഷയമല്ല എന്ന ഒരു മനോനില നിർമ്മിക്കപ്പെടാൻ ഈ അവഗണന കാരണമാകുന്നുണ്ട്. ആ മനോനിലയെ വ്യാപിപ്പിക്കുന്നതിൽ ഭരണകൂടങ്ങളും അവരുടേതായ രീതിയിൽ ശ്രമിക്കുന്നുണ്ട്. എന്നാൽ അടുത്തിടെ കാർഷിക മേഖലയിൽ നിന്നുള്ള വാർത്തകൾക്ക് മുഖ്യധാരാ പത്രങ്ങളുടെ ഒന്നാം പേജിൽ വീണ്ടും ഇടം കിട്ടിത്തുടങ്ങിയിട്ടുണ്ട്. പക്ഷെ ആ വാർത്തകൾ മിക്കതും ജനിതക മാറ്റം വരുത്തിയ വിത്തുകളുടെ സാധ്യതകളെക്കുറിച്ചും കമ്മോഡിറ്റി ട്രേഡിംഗിനെക്കുറിച്ചും വിദേശ നിക്ഷേപത്തിന്റെ സാധ്യതകളെക്കുറിച്ചും ആണെന്നു മാത്രം. ചില്ലറ വ്യാപാര മേഖലയിലേക്കുള്ള വിദേശ നിക്ഷേപത്തിന് അത്തരത്തിലുള്ള ഒരു മാധ്യമ പിന്തുണ ലഭിച്ചിട്ടുണ്ട്. വിപണി വികസിതമാകുന്നത് കർഷകർക്ക് ഗുണം ചെയ്യും എന്നതരത്തിലുള്ള പ്രചരണം മാധ്യമങ്ങൾ നടത്തി. അതോടെ കാർഷിക മേഖലയിലെ പ്രതിസന്ധികൾ തീരുമെന്നും അവർ എഴുതി. കർഷകാത്മഹത്യകൾക്ക് പരിഹാരമായി ചില്ലറ വ്യാപര മേഖലയിലേ

## കേരളീയം ഫെലോഷിപ്പ് നൽകി

കേരളീയം ഏർപ്പെടുത്തിയ ബിജു.എസ്. ബാലൻ അനുസ്മരണ 5-ാമത് പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ് വിതരണവും അനുസ്മരണ പ്രഭാഷണവും ജൂൺ 28 വെള്ളി വൈകീട്ട് 5ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് നടന്നു. ഈ വർഷത്തെ ഫെല്ലോഷിപ്പിന് അർഹയായ കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ ബിരുദാനന്തര ബിരുദ നിയമ വിദ്യാർത്ഥിനി എൻ.എം. ഷീനാദാസിന് ദേവീന്ദർ ശർമ്മ ഫെല്ലോഷിപ്പ് തുക കൈമാറി. 10,002 രൂപയാണ് ഫെല്ലോഷിപ്പ്. 'നദീമണൽ ഖനനവും സുസ്ഥിര വികസനവും' എന്ന വിഷയത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് ഷീനദാസിന് ഫെല്ലോഷിപ്പ് നൽകുന്നത്. 'ഖനനവും കെട്ടിടനിർമ്മാണവും: വൈരുദ്ധ്യങ്ങൾ, സംഘർഷങ്ങൾ, സാധ്യതകൾ' എന്നതായിരുന്നു ഇത്തവണ ഫെല്ലോഷിപ്പ് അപേക്ഷകർക്കായി നൽകിയ വിഷയം.

ക്ക സങ്കരയിനം വിത്തുകളും ഇന്ത്യയിലേക്ക് എത്തുന്നത് ഈ രീതിയിലാണ്. എന്തിനേറെ കെൻടക്കി ഫ്രൈഡ് ചിക്കൻ വ്യാപകമാക്കുന്നതിനായി പുതിയ ഇനം ബ്രോയിലർ കോഴികളെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിട്ടുണ്ട്. ആ ഇനങ്ങളെല്ലാം ഒരു കാലത്ത് ഇന്ത്യയിലുണ്ടായിരുന്ന പൗൾട്രി ബ്രീഡുകളായിരുന്നു. അവ ഇന്ത്യയിൽ നിന്നും കൊണ്ടുപോവുകയും ഇപ്പോൾ വീണ്ടും ഇന്ത്യയിൽ ഇറക്കുമതി ചെയ്യാൻ ശ്രമിക്കുകയുമാണ്.

ഇന്ത്യൻ കർഷകർ കാര്യക്ഷമതയില്ലാത്തവരാണ് എന്നത് ബോധപൂർവ്വം നമ്മുടെ മേൽ കെട്ടിവച്ച പ്രചരണമാണ്. ഉയർന്ന സബ്സിഡി ലഭിക്കുന്ന, പൂർണ്ണമായും യന്ത്രങ്ങളെ ആശ്രയിക്കുന്ന അമേരിക്കയിലേയും യൂറോപ്പിലെയും കർഷകരുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ കർഷകരുടെ ജീവിതനിലവാരവും ഉത്പാദനവും താഴെയായിരിക്കും. സ്റ്റേറ്റ് നൽകുന്ന ഉയർന്ന സബ്സിഡി കൊണ്ട് മാത്രമാണ് അവർക്ക് അത് സാധിക്കുന്നത്. സബ്സിഡി പിൻവലിച്ചാൽ അവരുടെയും ജീവിതനിലവാരം ഇടിയും. ഒരു വർഷം 3000 ബില്യൺ ഡോളറാണ് അമേരിക്ക കർഷകർക്ക് സബ്സിഡിയായി നൽകുന്നത്. അത്തരം ധനസഹായങ്ങളുടെയൊന്നും പിന്തുണയില്ലാതെയാണ് വർഷങ്ങളായി ഇന്ത്യൻ കർഷകർ നാടിന്റെ സമ്പദ്വ്യവസ്ഥയെ സുസ്ഥിരമായി നിലനിർത്തുന്നത്. അവരുടെ സംഭവാന വളരെ വലുതായിരുന്നിട്ടും ഇന്ത്യ അവർക്ക് പിന്തുണ നൽകുന്ന

⇨ *സർക്കാർ നേരിട്ട് ധനസഹായം നൽകുന്നതുകൊണ്ടാണ് അമേരിക്കൻ കർഷകർ പിടിച്ചുനിൽക്കുന്നത്* ⇨

ക്കുള്ള വിദേശ നിക്ഷേപത്തെ ഉയർത്തിക്കാണിക്കുന്നത് ശരിക്കും ഒരു ചതിയാണ്. എന്താണ് ആ ചതി?




വാൾമാർട്ടാണ് ലോകത്തിലെ ഏറ്റവും വലിയ ചെറുകിട വ്യാപാര ശൃംഘല. 50 വർഷത്തെ പ്രവർത്തനം പിന്നിടുന്ന വാൾമാർട്ടിന്റെ ഇന്നത്തെ വാർഷിക വരുമാനം 40,040 മില്യൺ ഡോളറാണ്. എന്നാൽ ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖലയിലെ ആകെ വാർഷിക വരുമാനം 40,020 മില്യൺ ഡോളറാണ്. വാൾമാർട്ട് തൊഴിൽ നൽകുന്നത് 21 ലക്ഷം പേർക്കാണെങ്കിൽ 120 ലക്ഷം പേർക്കാണ് ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖല തൊഴിൽ നൽകുന്നത്. ഈ വൈരുദ്ധ്യത്തെ മറച്ചുവച്ചുകൊണ്ടാണ് ചെറുകിട വ്യാപാര മേഖലയിലേക്കുള്ള വിദേശ നിക്ഷേപം ഇന്ത്യയെ രക്ഷിക്കുമെന്നതരത്തിൽ മാധ്യമങ്ങൾ പ്രചരണം നടത്തുന്നത്. അമേരിക്കയിലെ കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടാനുള്ള കാരണം വാൾമാർട്ടല്ല. അവിടെ കർഷകർക്കുണ്ടാകുന്ന ലാഭത്തിന്റെ വലിയൊരു ശതമാനം കൊണ്ടുപോകുന്നത് പുതിയതായി ഉയർന്നുവന്ന മധ്യവർത്തികളാണ്. അവർ നേരിട്ടല്ല വിപണിയിൽ ഇടപെടുന്നത്. ക്വാളിറ്റി കൺട്രോളറുടെയും പാക്കിംഗ് നടത്തുന്നവരുടെയും സർട്ടിഫിക്കറ്റ് നൽകുന്നവരുടെയും ഭക്ഷ്യസംസ്കരണം നടത്തുന്നവരുടെയും രൂപത്തിലാണ് ഇടപെടുന്നത്. ലാഭത്തിന്റെ വലിയൊരു ശതമാനം ഈ മധ്യവർത്തികൾ കൊണ്ടുപോകുന്നു. സർക്കാർ നേരിട്ട് ധനസഹായം നൽകുന്നതുകൊണ്ട് മാത്രമാണ് അമേരിക്കൻ കർഷകർക്ക് ഈ പ്രയാസങ്ങൾക്കിടയിലും പിടിച്ചുനിൽക്കാൻ കഴിയുന്നത്. ഉത്പാദനക്ഷമത കൂട്ടിയതുകൊണ്ടല്ല അമേരിക്കൻ കർഷകർക്ക് അതിജീവനം സാധ്യമാകുന്നത്, സർക്കാർ സഹായം ലഭിക്കുന്നതുകൊണ്ടാണ്. 1.2 ബില്യൺ ഡോളറിന്റെ ഉത്പാദനം നടത്തുമ്പോൾ 1.4 ബില്യൺ ഡോളറാണ് അമേരിക്ക കർഷകർക്ക് സബ്സിഡിയായി നൽകുന്നത്. സർക്കാർ മതിയായ സാമ്പത്തിക സഹായം നൽകിയാൽ ഇന്ത്യൻ കർഷകർക്കും ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയും. കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടും. എന്നാൽ സർക്കാർ കൃഷിക്ക് സാമ്പത്തിക സഹായം നൽകാൻ തയ്യാറല്ല. എങ്ങനെയും നിലവിലുള്ള കർഷകരെ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കാനാണ് അവർക്ക് താത്പര്യം.

മാധ്യമങ്ങൾ കാർഷിക മേഖലയെ തീർത്തും അവഗണിക്കുന്നു എന്നത് വാസ്തവമാണ്. വിപണമൂല്യമില്ലാത്ത ഒരു വിഷയമായാണ് പൂർണ്ണമായും വിപണിയെ ആശ്രയിച്ച് നിലനിൽക്കുന്ന മാധ്യമങ്ങൾ കൃഷിയെ പരിഗണിക്കുന്നത്. മാധ്യമങ്ങളുടെ നിലവിലെ വീക്ഷണകോണിൽ അത് ശരിയായിരിക്കാം. വായനക്കാരും പ്രേക്ഷകരും ഗൗരവമുള്ള വാർത്തകൾക്ക് ഇന്ന് വേണ്ടത്ര ശ്രദ്ധിക്കാറില്ല. മാധ്യമങ്ങൾ അത്തരത്തിൽ അവരെ മാറ്റിത്തീർത്തിരിക്കുന്നു. മാധ്യമങ്ങളെ മാത്രം കുറ്റപ്പെടുത്താൻ കഴിയില്ല. നിരവധി മാധ്യമങ്ങളുള്ളതിനാൽ ആളുകൾക്ക് അത്രയേറെ സാധ്യതകളുമുണ്ട്. കൃഷിയെക്കുറിച്ച് നടത്തുന്ന ചർച്ച കേൾക്കാൻ താത്പര്യമില്ലെങ്കിൽ അവർ രാഖി സാവന്തിനെ കാണാനുന്നതിനായി റിമോർട്ടിൽ വിരലമർത്തും. കാർഷിക വാർത്തകളെ കുറച്ചുകൂടി ആകർഷകമായി അവതരിപ്പിക്കുക മാത്രമാണ് ഇതിന് പരിഹാരം.

ഊഹമൂലധന വിപണി വഴി സാമ്പത്തിക വളർച്ച കൈവരിക്കാമെന്ന് വിശ്വസിക്കുന്ന രാജ്യമാണ് ഇന്ന് ഇന്ത്യ. സ്റ്റോക്ക്മാർക്കറ്റിൽ നടക്കുന്ന അധികൃത - നിയമവിരുദ്ധ പ്രവർത്തനങ്ങൾ പുരോഗതിയുടെ ലക്ഷണങ്ങളാണെന്ന് കരുതുന്ന രാജ്യം. വികസനത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും പേരിൽ എല്ലാ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും നിയമസാധുത നൽകാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. അഴിമതിക്കും കൊലപാതകത്തിനും വരെ വൈകാതെ ഇന്ത്യയിൽ നിയമസാധുത ലഭിക്കും. ഈ കാഴ്ചപ്പാടിന്റെ ദുരിതം മുഴവൻ പേറുന്നത് ഗ്രാമീണ ഇന്ത്യയാണ്. 1996ലെ ലോക ബാങ്കിന്റെ വേൾഡ് ഡവലപ്മെന്റ് റിപ്പോർട്ട്, 2015 ആകുമ്പോഴേക്കും ഇന്ത്യയിലെ ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റം ബ്രിട്ടണിന്റെയും ഫ്രാൻസിന്റെയും ജനസംഖ്യയ്ക്ക് തുല്യമായി മാറുമെന്ന് പറയുന്നുണ്ട്. അത് അക്ഷരാർത്ഥത്തിൽ ശരിവയ്ക്കുന്ന തരത്തിലുള്ള കുടിയേറ്റമാണ് ഇന്ന് ഇന്ത്യയിൽ നടക്കുന്നത്. ഇന്ത്യക്കുള്ള ശക്തമായ ഒരു മുന്നറിയിപ്പാണ് ഈ കുടി

യേറ്റം. കൃഷിയെ നിരുത്സാഹപ്പെടുത്തി ഗ്രാമീണ ജനതയെ നഗരങ്ങളിലെ വ്യവസായ തൊഴിലാളികളാക്കി മാറ്റാനുള്ള ബോധപൂർവ്വമായ പദ്ധതിയുടെ ഭാഗമായാണ് ഈ കുടിയേറ്റം സംഭവിക്കുന്നത്. കാർഷിക രംഗം വിട്ട് നഗരങ്ങളിലേക്ക് കുടിയേറി യുവജനത പുതിയ തൊഴിൽ-ജീവിത സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനാകാതെ പതറുന്നതായാണ് ഇന്ന് കാണാൻ കഴിയുന്നത്. 2008ൽ പുറത്തിറങ്ങിയ ലോക ബാങ്കിന്റെ വേൾഡ് ഡവലപ്മെന്റ് റിപ്പോർട്ടിൽ ഇന്ത്യയിലെ ഗ്രാമീണ കർഷകരെ വ്യവസായ തൊഴിലാളികളായി പരിവർത്തിപ്പിക്കുന്നതിനായുള്ള ട്രെയിനിംഗ് സെന്ററുകൾ തുടങ്ങണമെന്ന് പറഞ്ഞിരുന്നു. 2009 ലെ ബഡ്ജറ്റിൽ ധനമന്ത്രി പി. ചിദംബരം പതിനായിരം ഐ.ടി.ഐകൾ ഗ്രാമീണമേഖലയിൽ തുടങ്ങുന്നതിനുള്ള ഫണ്ട് അനുവദിച്ചുകൊണ്ട് വേൾഡ് ബാങ്കിന്റെ നിർദ്ദേശം ശിരസ്സാൽ വഹിച്ചു. കൃഷിയെ ഒഴിവാക്കി സാമ്പത്തിക വളർച്ച കൈവരിക്കാൻ മുഖ്യധാരാ സാമ്പത്തിക ശാസ്ത്രം കോപ്പുകൂട്ടുമ്പോഴും ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽദാതാവായി ഇന്നും തുടരുന്നത് കാർഷിക മേഖലയാണ് എന്നതാണ് വിരോധാഭാസം. സ്പെഷ്യൽ ഇക്കണോമിക് സോണിന്റെയും ഹൈവേ കോറിഡോറുകളുടെയും പേരിൽ ഗ്രാമീണ കർഷകരെ അവരുടെ പരമ്പരാഗത ഭൂമിയിൽ നിന്നും തുടച്ചുനീക്കുന്നതിനുള്ള നടപടികൾ ഇന്ത്യയിൽ ഇന്ന് അതിവേഗത്തിൽ നടക്കുന്നുണ്ട്. ചരിത്രം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ കുടിയിറക്കലാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

ഗ്രാമങ്ങളെ തകർത്തുകൊണ്ട് നടക്കുന്ന നഗരങ്ങളിലേക്കുള്ള ഈ നിർബന്ധിത കുടിയേറ്റത്തെക്കുറിച്ചും മുഖ്യധാരാ മാധ്യമങ്ങൾ അജ്ഞരാണ്. കൃഷിയല്ല, വ്യവസായമാണ് സാമ്പത്തിക വളർച്ച നേടിത്തരുന്നത് എന്ന ചിന്താപദ്ധതി പിന്തുടരുന്ന സ്കൂളുകളിൽ നിന്നും ജേർണലിസം പഠിച്ചിറങ്ങുന്നവരാണ് ഇന്ന് ന്യൂസ് റൂമുകളിൽ നിറയെ. ഒരു ഗ്രാമം നേരിൽ കണ്ടിട്ടില്ലാത്തവരാണ് ബഹുഭൂരിപക്ഷം മാധ്യമപ്രവർത്തകരും. ഗ്രാമീണ ഇന്ത്യയിലേക്ക് പോകാനും താമസിക്കാനും തയ്യാറുള്ള ജേർണലിസ്റ്റുകളുടെ ടീമിനെ രൂപപ്പെടുത്തണമെന്ന് ഞാൻ മാധ്യമ സ്ഥാപനങ്ങളോട് സ്ഥിരമായി അഭ്യർത്ഥിക്കാറുണ്ട്. ഇന്ത്യൻ മാധ്യമങ്ങൾക്ക് അതിനുള്ള വിഭവശേഷിയുണ്ട്, പക്ഷെ താത്പര്യമില്ല. കർകാത്മഹത്യകളുടെ വാർത്തകൾ വരുമ്പോൾ വിദഗ്ധരെ സ്റ്റുഡിയോയിൽ വിളിച്ചുവരുത്തി ചർച്ചചെയ്യുന്നതിനാണ് അവർക്ക് താത്പര്യം. വീണ്ടും കാർഷിക മേഖലയിൽ എന്തെങ്കിലും വിവാദ വാർത്തകളുണ്ടാകുമ്പോൾ ഇതേ വിദഗ്ധർ സ്റ്റുഡിയോയിലെത്തി സംഭാഷണം തുടരുന്നു. കാർഷിക പ്രതിസന്ധികളുടെ യഥാർത്ഥ ചിത്രമെന്താണെന്ന് അറിയണമെങ്കിൽ മാധ്യമപ്രവർത്തകർ ഗ്രാമീണ ഇന്ത്യയുമായി സ്ഥിരമായ ഒരു ബന്ധം സ്ഥാപിക്കണം. എഡിറ്റർ ഒഴിവാക്കാൻ കഴിയാത്തതരത്തിൽ, വായനക്കാർക്കും പ്രേക്ഷകർക്കും അവഗണിക്കാൻ കഴിയാത്തതരത്തിലുള്ള വാർത്തകൾ അവിടെ നിന്നും റിപ്പോർട്ട് ചെയ്യണം. കൃഷിയാണ് ഒരു നാടിന്റെ നട്ടെല്ലെന്ന് സമൂഹത്തിനെ ബോധ്യപ്പെടുത്തണം. അത്തരത്തിലുള്ള ട്രെയിനിംഗ് മാധ്യമ പഠന സ്ഥാപനങ്ങളിൽ ബോധപൂർവ്വം നടത്തണം.

അടുത്തിടെ എം.എസ്. സ്വാമിനാഥനും ഞാനും പങ്കെടുത്ത ഒരു ടെലിവിഷൻ ചർച്ചയിൽ ഇന്ത്യയിൽ നക്സൽ സ്വാധീനം വ്യാപിക്കുന്നതിനുള്ള കാരണം കാർഷിക മേഖലയ്ക്ക് സംഭവിച്ച നാശമാണെന്ന് അദ്ദേഹം തുറന്നുപറഞ്ഞു. ഗ്രാമീണ ഇന്ത്യയിലെ കാർഷിക പ്രതിസന്ധി പരിഹരിച്ചുകൊണ്ടല്ലാതെ ആയുധം കൊണ്ട് നക്സലിസത്തെ നേരിടാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു. കാലാവസ്ഥ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതങ്ങൾ പുറത്തുവിടുന്ന രാസകൃഷി അവസാനിപ്പക്കണമെന്നും വൈകാതെ സ്വാമിനാഥന് പറയേണ്ടിവരും. എന്തായാലും നമ്മൾ അഭിമുഖീകരിക്കുന്ന കാർഷിക പ്രതിസന്ധിയെക്കുറിച്ച് ചിലർക്കെങ്കിലും ബോധം വന്നുതുടങ്ങിയിരിക്കുന്നു എന്ന സൂചനയാണ് ഇതെല്ലാം. കച്ചവടത്തിൽ മാത്രം കണ്ണുവച്ചിരിക്കുന്ന മാധ്യമങ്ങളാണ് ആ ബോധത്തെ വ്യാപിപ്പിക്കുന്നതിൽ തടസ്സമായി നിൽക്കുന്നത്. മാധ്യമങ്ങൾ ആ ഉത്തരവാദിത്വം ഏറ്റെടുത്തില്ലെങ്കിലും നമുക്ക് തന്നെ മാധ്യമദൗത്യം നിർവഹിക്കാനുള്ള സാധ്യതകൾ ഇന്ന് ഏറെയാണ്. സോഷ്യൽ മീഡിയയുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ഗ്രാമീണ ഇന്ത്യയുടെയും സുസ്ഥിര കൃഷിയുടെയും നിലനിൽപ്പിനായി പോരാടാൻ നാമോരുത്തരും തയ്യാറാകണം. മാധ്യമങ്ങളെ അത്തരത്തിൽ ചോദ്യം ചെയ്തുകൊണ്ട് അവരുടെ നിലപാടുകൾ തിരുത്താൻ നമുക്കവരെ പ്രേരിപ്പിക്കാം. ഒപ്പം സമാന്തര മാധ്യമങ്ങളിലൂടെ സമൂഹത്തിന്റെ മനഃസ്ഥിതിയിൽ മാറ്റമുണ്ടാകുന്നതിനായി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കാം. ■